I/39187/2023

**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2328654**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**KERALA WATER AUTHORITY**

**Jalabhavan**
**Thiruvananthapuram – 695033**
**Kerala - India**

## സർക്കുലർ

വിഷയം: കെ.ഡബ്ല്യൂ.എ. - ആർ.എം.സി. - 2024-ലെ ബി.പി.എൽ. ആനുകൂല്യം പുതുക്കുന്നത് / പുതുതായി അപേക്ഷിക്കുന്നത് സംബന്ധിച്ച്.

---

**No. KWA-JB/5869/2023-R1(RMC)** **Dated: 30-12-2023**

---

സൂചന: ഈ കാര്യാലയത്തിലെ 11/02/2009 -ലെ KWA/HO/RMC/02/2009 നമ്പർ ഉത്തരവ്.

കേരള വാട്ടർ അതോറിറ്റി നിലവിൽ പ്രതിമാസം 15KL-ന് താഴെ ഉപേഭാഗമുള്ള ബി.പി.എൽ ഉപഭോക്താക്കൾക്ക് സൗജന്യമായാണ് ജലം നൽകി വരുന്നത്. സൂചന ഉത്തരവ് പ്രകാരം ഈ ആനുകൂല്യം ലഭിക്കുന്നതിനായി എല്ലാ വർഷവും ജനുവരി 31-ന് മുമ്പ് ആനുകൂല്യത്തിനായുള്ള അപേക്ഷ പുതുക്കി നൽകേണ്ടതുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നിലവിൽ BPL ആനുകൂല്യം ലഭിച്ച് കൊണ്ടിരിക്കുന്ന ഉപഭോക്താക്കൾക്ക് പ്രത്യേകം അപേക്ഷ നൽകാതെ തന്നെ ഈ അബാക്കസിലെ വിവരങ്ങൾ സിവിൽ സപ്ലൈസ് വെബ്സൈറ്റിലെ വിവരങ്ങളുമായി താരതമ്യം ചെയ്ത് അർഹരായവർക്ക് ഓട്ടോമാറ്റിക്കായി 2024 വര്ഷത്തേയ്ക്ക് BPL ആനുകൂല്യം പുതുക്കി നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

2024-ൽ പുതുതായി ബി.പി.എൽ ആനുകൂല്യം ലഭിക്കുന്നതിലേക്കായി അപേക്ഷ നൽകാനായി ഓൺലൈൻ സൗകര്യവും (http://bplapp.kwa.kerala.gov.in/) ഒരുക്കിയിട്ടുണ്ട്.

ഈ ഓൺലൈൻ സംവിധാനം രണ്ടു രീതിയിൽ ലഭ്യമാണ്.

1. **സെക്ഷൻ വഴി:-** ഈ സംവിധാനത്തിൽ സെക്ഷൻ ഓഫീസ് വഴി അപേക്ഷകൾ സ്വീകരിക്കാൻ കഴിയും. സെക്ഷനിലെ ജീവനക്കാർക്ക് ലോഗിൻ ചെയ്യാനുള്ള വിവരങ്ങൾ ഡി.ബി.എ. യൂണിറ്റിൽ നിന്നും ലഭിക്കുന്നതാണ്.
2. **ഉപഭോക്താവിന് നേരിട്ട് ഓൺലൈനായി:-** ഈ സംവിധാനത്തിൽ ഉപഭോക്താവിന് നേരിട്ട് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

മേൽ പറഞ്ഞ രണ്ടു വഴിയിലൂടെയും ലഭിക്കുന്ന അപേക്ഷകൾ ഇ-അബാക്കസിലെ വിവരങ്ങൾ സിവിൽ സപ്ലൈസ് വെബ്സൈറ്റിലെ വിവരങ്ങളുമായി താരതമ്യം ചെയ്ത് അർഹരായവർക്ക് ഓട്ടോമാറ്റിക്കായി BPL ആനുകൂല്യം നൽകുന്നതാണ്.

നിലവിൽ കേരള വാട്ടർ അതോറിറ്റിയിൽ BPL ആനുകൂല്യം ലഭിച്ച് കൊണ്ടിരിക്കുന്ന ഉപഭോക്താക്കളിലും പുതുതായി BPL ആനുകൂല്യം ലഭിക്കാനായി അപേക്ഷിച്ച ഉപഭോക്താക്കളിലും പ്രവർത്തനരഹിതമായ മീറ്റർ ഉള്ളവർ, വാട്ടർ ചാർജ് കുടിശ്ശികയുള്ളവർ, APL സ്റ്റാറ്റസിലേയ്ക്ക് മാറിയിട്ടുള്ളവർ എന്നിവർക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിൽ ടി വിവരം SMS സന്ദേശം വഴി

അറിയിക്കുന്നതാണ്. ജനുവരി 31-ന് മുമ്പ് കേടായ മീറ്റർ മാറ്റി വയ്ക്കുകയും കുടിശ്ശിക അടക്കുകയും ചെയ്യുന്നപക്ഷം ഉപഭോക്താക്കൾക്ക് ഓട്ടോമാറ്റിക്കായി BPL ആനുകൂല്യം പുതുക്കി നൽകുന്നതാണ്.

പുതുതായി BPL ആനുകൂല്യം ലഭിക്കാനായി അപേക്ഷിച്ച ഉപഭോക്താക്കളിൽ ഇഅബാക്കസിൽ നൽകിയിട്ടുള്ള ഉപഭോക്താവിൻറെ പേരും റേഷൻ കാർഡിലെ ഉടമസ്ഥന്റെയും അംഗങ്ങളുടെയും പേരും തമ്മിൽ വ്യത്യാസം ഉണ്ടെങ്കിൽ ടി ഉപഭോക്താക്കളുടെ പട്ടിക "മിസ്സ്-മാച്ച് വെരിഫിക്കേഷൻ" എന്ന മെനുവിൽ തൊട്ടടുത്ത ദിവസം സെക്ഷൻ ജീവനക്കാർക്കു ലഭ്യമാകുന്നതാണ്. പ്രസ്തുത പട്ടികയിൽ ഇഅബാക്കസിൽ നൽകിയിട്ടുള്ള ഉപഭോക്താവിൻറെ പേരും റേഷൻ കാർഡിലെ ഉടമസ്ഥന്റെയും അംഗങ്ങളുടെയും പേരും ലഭ്യമാകുന്നതാണ്, സെക്ഷൻ ജീവനക്കാർ അത് പരിശോധിച്ച് അർഹമാണെങ്കിൽ അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

**SHIJITH V**

**FINANCE MANAGER & CHIEF ACCOUNTS OFFICER**

**To**

1. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീർമാർക്കും
2. എല്ലാ റവന്യൂ ഓഫീസർമാർക്കും